## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3148** — **14.03.2018-ൽ മറുപടി നൽകേണ്ടത്**

## കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നൽകിയ അപേക്ഷകളിൽ നടപടി

| ചോദ്യം<br>ശ്രീ.കെ.എം.ഷാജി : | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|
| (എ) വീട് നിർമ്മാണത്തിനുള്ള അനുമതി-യ്ക്കായി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നൽകിയ അപേക്ഷ-കളിൽ ഇനിയും തീർപ്പാക്കാനുള്ളവ എത്ര; വ്യക്തമാക്കുമോ;<br>(ബി) 2017 ൽ ഏത് മാസംവരെ ലഭിച്ച അപേക്ഷകളിലാണ് ഏറ്റവും അവസാനം തീരുമാനം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) 2017 മെയ് മാസം വരെ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ച അപേക്ഷകളിൽ തീർപ്പ് കല്പിച്ചിട്ടുണ്ട്. അതിനുശേഷം കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിച്ച അപേക്ഷകളിൽ 1700 അപേക്ഷകൾ തീർപ്പാക്കുവാനുണ്ട്. |
| (സി) ഇത്തരത്തിലുള്ള അപേക്ഷകളിൽ തീർപ്പുണ്ടാകുന്നതിന് ഒരു വർഷത്തോളം കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ഡി) കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) നിലവിൽ CRZ Clearance -നു വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെയും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ചീഫ് സയന്റിസ്റ്റ്, പ്രിൻസിപ്പൾ സയന്റിസ്റ്റ് എന്നിവരുടെയും സഹായത്തോടെ തീർപ്പാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**